**കണ്ണൂർ സർവ്വകലാശാല**

**(സംഗ്രഹം)**

സർവകലാശാല പഠനവകുപ്പുകളിലെയും ന്യൂനപക്ഷ സ്ഥാപനങ്ങൾ ഒഴികെയുള്ള അഫിലിയേറ്റഡ് കോളേജുകളിലെയും പ്രവേശനം -2020-21 അക്കാദമിക് വർഷം മുതൽ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ( Economically Weaker Section -EWS )10% സംവരണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ജി വിഭാഗം**

അക്കാഡ്/SWC/6734/2020 (I) തീയതി: 04.08.2020

---

പരാമർശം:-1. ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പിന്റെ സ.ഉ.(എം.എസ് )നം .128/2020/ ഉ .വി .വ തിയ്യതി 20. 03.2020.

2. 09/ 07/ 2020 തിയ്യതിയിലെ സർവകലാശാല അഡ്മിഷൻ കമ്മിറ്റി യോഗ മിനുട്സ്.

**ഉത്തരവ്**

1. പരാമർശം (1) പ്രകാരം, സംസ്ഥാനത്തെ, ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും (ന്യൂനപക്ഷ സ്ഥാപനങ്ങൾ ഒഴികെ) മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന (Economically Weaker Sections) വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് 10% സംവരണം നടപ്പിലാക്കികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .

2. സർവകലാശാല പഠന വകുപ്പുകളിലും അഫിലിയേറ്റഡ് കോളേജുകളിലും 2020-21 വർഷം മുതലുള്ള പ്രവേശനങ്ങൾക്കു പ്രസ്തുത സംവരണം ഏർപ്പെടുത്തുന്ന വിഷയം അഡ്മിഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് ബഹു. വൈസ് ചാൻസലർ ഉത്തരവ് നൽകിയിരുന്നു.

3. മേൽവിഷയം പരിശോധിച്ച സർവകലാശാല അഡ്മിഷൻ കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ(പരാമർശം 2 ) ,വിശദമായി പരിഗണിച്ച ബഹു. വൈസ് ചാൻസലർ അഡ്മിഷൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അംഗീകരിക്കുകയും 2020-21 അധ്യയന വർഷം മുതൽ സർവകലാശാലയുടെ പഠന വകുപ്പുകൾ / സെന്ററുകൾ / ന്യൂനപക്ഷസ്ഥാപനങ്ങൾ ഒഴികെയുള്ള അഫിലിയേറ്റഡ് കോളേജുകൾ എന്നിവിടങ്ങളിലെ പ്രവേശനത്തിന് മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന (Economically Weaker Section - EWS) വിദ്യാർത്ഥികൾക്ക് 10% സംവരണം ഏർപ്പെടുത്തുന്നതിനു ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

4. ബഹു. വൈസ് ചാൻസലറുടെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

i) സർവകലാശാല പഠന വകുപ്പുകളിലും സെന്ററുകളിലും EWS വിഭാഗത്തിന് 10% സംവരണം ഏർപ്പെടുത്തുന്നതാണ്.

ii) സംസ്ഥാന സർക്കാർ ചട്ടങ്ങൾ പ്രകാരം വയനാട് ജില്ലയിലേത് ഒഴികെയുള്ള സർവകലാശാലയ്ക്കു കീഴിലെ പഠന വകുപ്പുകൾ/ സെന്ററുകൾ, സെൽഫ് ഫിനാൻസിങ് (IHRD

ഉൾപ്പെടെയുള്ള) കോളേജുകൾ ഒഴികെയുള്ള അഫിലിയേറ്റഡ് കോളേജുകൾ എന്നിവിടങ്ങളിലെ SC/ST വിഭാഗങ്ങൾക്കു യഥാക്രമം 15%, 5% എന്നിങ്ങനെയും വയനാട് ജില്ലയിൽ സർവകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന വകുപ്പുകൾ / സെന്ററുകൾ, സെൽഫ് ഫിനാൻസിങ് (IHRD ഉൾപ്പെടെയുള്ള) കോളേജുകൾ ഒഴികെയുള്ള അഫിലിയേറ്റഡ് കോളേജുകൾ എന്നിവിടങ്ങളിൽ SC/ST വിഭാഗങ്ങൾക്ക് യഥാക്രമം 5% ,15% എന്നിങ്ങനെയും സംവരണം ഏർപ്പെടുത്തുന്നതാണ്.

iii) എഡ്യൂക്കേഷണൽ സൊസൈറ്റികൾ നടത്തുന്ന എയ്ഡഡ് കോളേജുകളിൽ പ്രവേശനത്തിന് EWS നു 10% സംവരണം ഏർപെടുത്തുന്നതാണ്. പ്രസ്തുത സ്ഥാപനങ്ങളിൽ Open Quota സീറ്റുകൾ 50% ആയിരിക്കും.

iv) സെൽഫ് - ഫിനാൻസിങ് കോളേജുകളിലെ (IHRD ഉൾപ്പെടെയുള്ള ) പ്രവേശനത്തിന് EWS നു 10% സംവരണം ഏർപെടുത്തുന്നതാണ്. പ്രസ്തുത സ്ഥാപനങ്ങളിലെ Open Quota സീറ്റുകൾ 55% ആയിരിക്കും.

v) Govt. കോളേജുകളിൽ EWS നു 10% സംവരണം ഏർപ്പെടുത്തുന്നതാണ്.

vi) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ EWS എന്ന സംവരണ വിഭാഗത്തെ ഉൾപ്പെടുത്തിയതിനാൽ, ഇതുവരെ EBFC എന്ന് പ്രോസ്പെക്ടസുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ വിഭാഗത്തെ ഒഴിവാക്കുന്നതാണ്

vii) മേല്പറഞ്ഞ പുതുക്കിയ സംവരണമാനദണ്ഡങ്ങൾ സർവകലാശാലയിലെ എല്ലാ പഠനവകുപ്പുകളിലെയും ന്യൂനപക്ഷ സ്ഥാപനങ്ങൾ ഒഴികെയുള്ള അഫിലിയേറ്റഡ് കോളേജുകളിലെയും 2020-21 അധ്യയന വർഷം മുതലുള്ള പ്രവേശനത്തിന് നടപ്പിലാക്കുന്നതാണ്.

5. തദനുസൃതമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-

**ബാലചന്ദ്രൻ വി കെ**

**ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)**

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്: 1)വിവിധ പഠന വകുപ്പ് തലവന്മാർ /അസിസ്റ്റന്റ്/കോഴ്സ് ഡയറക്ടർമാർ

2) കോളേജ് പ്രിൻസിപ്പൽമാർ

പകർപ്പ്: 1. വി.സി യുടെ പി.എസ്

2. പി.വി.സി / രജിസ്ട്രാർ / സി.ഇ എന്നിവരുടെ പി.എ മാർ

3. I T ഡയറക്ടർ

4. അക്കാഡ് ഡി സെക്ഷൻ

5. SF/OC

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ